21. പി.എച്ച്.സി. കടലുണ്ടി ഗ്രാമം

22. പി.എച്ച്.സി. വെട്ടം

23. പി.എച്ച്.സി. നെടുവ

24. പി.എച്ച്.സി. അലക്കുളത്തൂർ

25. ജി.എച്ച്. കൊയിലാണ്ടി

26. ജി.എച്ച്.സി. തൃക്കരിപ്പൂർ

(ഡി) തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ആവശ്യത്തിന് അനുവദനീയമായ സ്റ്റാഫിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇപ്പോൾ കയർ വാർഡുകളിലേക്കുള്ള നിർദ്ദേശമൊന്നും പരിഗണനയിലില്ല.

174 (1778) ട്രാൻസ്ഫർ റദ്ദാക്കൽ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര സർക്കിൾ ഫുഡ് ഇൻസ്പെക്ടർ ആഫീസിലെ പ്യൂൺ ആയിരുന്ന ശ്രീ. ജി. കാർത്തികേയനെ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ക്ലാസ്ഫോർ ജീവനക്കാരനെ ജില്ല മാറ്റി സ്ഥലം മാറ്റുമ്പോൾ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഓപ്ഷൻ വാങ്ങണമെന്ന നിയമം ശ്രീ. കാർത്തികേയന്റെ കാര്യത്തിൽ പാലിച്ചിട്ടുണ്ടോ;

(സി) സർവ്വീസ് തീരുവാൻ ഇനി ഒമ്പത് മാസം മാത്രമുള്ള ഇദ്ദേഹത്തിന്റെ സ്ഥലം മാറ്റം റദ്ദ് ചെയ്ത് മാവേലിക്കരയിൽ തന്നെ തുടരുവാൻ അനുവദിക്കണമെന്ന് കാണിച്ച് കായംകുളം എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർവ്വീസിൽ ഇതുവരെയും യാതൊരു അച്ചടക്ക നടപടിക്കും വിധേയനാകാത്ത ഇദ്ദേഹത്തിന്റെ സ്ഥലംമാറ്റം റദ്ദാക്കി മാവേലിക്കരയിൽ തുടരുന്നതിന് തീരുമാനിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഴിമതി ആരോപണവിധേയമായി ഒരു ജീവനക്കാരനെ സ്ഥലംമാറ്റുമ്പോൾ ഓപ്ഷൻ വാങ്ങണമെന്ന് നിർബന്ധമില്ല. ടിയാനെ സ്ഥലംമാറ്റിയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്.

(സി)&-(ഡി) വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ച് പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly